LIBRARY ARCHIVES Kerala Legislative Assembly

യന്ത്രവൽകൃത ഡ്രൈഡ്ജിംഗും ബ്രേക്ക് വാട്ടറിലേക്കുള്ള റോഡുമാണ് നിലവിൽ നടക്കുന്ന മുഖ്യ നിർമ്മാണ പ്രവർത്തനങ്ങൾ. അതിന് അനുപാതമായി 197 പേർക്ക് നിർമ്മാണമേഖലയിൽ തൊഴിൽ ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച് തൊഴിലവസരങ്ങൾ കൂടുന്നതാണ്. ഉറമുഖ നടത്തിപ്പുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ, അനുബന്ധ വികസന രംഗത്തുള്ള തൊഴിലവസരങ്ങൾ ഇവ ഉറമുഖം പ്രാവർത്തികമാകുന്ന മുറയ്ക്ക് ലഭ്യമാകും.

(ബി) ഉറമുഖ വികസനത്തിന്റെ ഭാഗമായി ഉറമുഖങ്ങളിൽ കൂടിയുള്ള കയറ്റിറക്കുമതി പ്രവർത്തനങ്ങൾ സൗകര്യപ്രദമാക്കുന്നതിനുള്ള എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഏറെക്കുറെ ഏർപ്പെടുത്തുകയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ ഉറമുഖങ്ങളിലൂടെ പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികളും പൊന്നാനി ഉറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം പോർട്ടിൽ ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലത്തിന്റെ എസ്റ്റിമേറ്റ്

116 (3223) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) എത്ര രൂകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതിന് കാരണമെന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് (2012 എസ്.ഒ.ആർ. പ്രകാരം) നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തുന്നതിന്

നടപടി സ്വീകരിച്ചു. എന്നാൽ ടി പ്രവൃത്തിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികാരികൾ ഏറ്റെടുത്ത് ലഭ്യമാക്കിയില്ല. പഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയാലുടൻ തന്നെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഹാർബർ എഞ്ചിനീയറിംഗ് കാര്യക്ഷമമാക്കുന്നതിന് പദ്ധതി

117 (3224) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ വികസനം, തീരദേശ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം/നവീകരണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) ഗവേഷണ പഠന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എന്നിവയുള്ള ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly